# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പാകിസ്ഥാൻ ഭീകരകേന്ദ്രങ്ങളിൽ ഇന്ത്യൻ സൈന്യം നടത്തിയ സർജിക്കൽ സ്ട്രൈക്കിന് ഇന്ന് പത്ത് വർഷം. ഭീകരവാദത്തിനെതിരെ സന്ധിയില്ലാ നയമാണ് ഇന്ത്യക്കെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India marks 10 years of Indian Army's surgical strike on terror camps in Pakistan; PM Narendra Modi says India maintains zero tolerance against terrorism.**

2. ആഗോള സ്ഥിരതയാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്നും എന്നാൽ രാജ്യത്തിന്റെ പരമാധികാരം അടിയറവ് വെച്ചുകൊണ്ടുള്ള ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്നും രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh says India seeks global stability, but remains unwilling to compromise on its sovereignty.**

3. രാജ്യത്ത് കന്നുകാലി ഇൻഷുറൻസ് സേവനങ്ങൾ ഡിജിറ്റലാക്കുന്ന 'ലൈവ്സ്റ്റോക്ക് ഇൻഷുറൻസ് പോർട്ടൽ' ഇന്ന് നിലവിൽ വരും.

   **The 'Livestock Insurance Portal', which digitises livestock insurance services in the country, comes into effect today.**

4. ഇന്ന് മുതൽ നടത്താനിരുന്ന മൂന്ന് ദിവസത്തെ രാജ്യവ്യാപക ബാങ്ക് പണിമുടക്ക് മാറ്റിവെച്ചു.

   **The three-day nationwide bank strike scheduled to begin today stands deferred.**

5. കേരളത്തിൽ 38 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ആരംഭിച്ചു.

**Voting begins for by-elections in 38 local self-government bodies across Kerala.**

6. **വെസ്റ്റ് ഇൻഡീസിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 8 വിക്കറ്റ് ജയം. ഏഷ്യൻ ഗെയിംസ് പുരുഷ ക്രിക്കറ്റ് രണ്ടാം ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും.**

**India wins the first ODI match against West Indies by 8 wickets; India faces Afghanistan today in the second quarter final of Asian Games men's cricket.**

&&&&&&&&&&&&&&&&&&&&&&&&

## SURGICAL STRIKE ANNIVERSARY

പാക് അധിനിവേശ കാശ്മീരിലെ ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യൻ സൈന്യം നടപ്പാക്കിയ ചരിത്രപ്രധാനമായ സർജിക്കൽ സ്ട്രൈക്കിന് 10 വർഷം തികയുന്നു. 19 ഇന്ത്യൻ ജവാന്മാർ വീരമൃത്യു വരിച്ച ഉറി ഭീകരാക്രമണത്തിന് മറുപടിയായി 2016 സെപ്റ്റംബർ 28-29 തീയതികളിലാണ് സൈന്യം നിയന്ത്രണരേഖ കടന്ന് ഈ ആക്രമണം നടത്തിയത്. തുടർച്ചയായ ബോംബ് സ്ഫോടനങ്ങളും, മുംബൈ ഭീകരാക്രമണവും സൃഷ്ടിച്ച ആഘാതത്തിന് നൽകിയ ശക്തമായ മറുപടിയായിരുന്നു ഇത്. രാജ്യത്തിന്റെ സുരക്ഷാ നയത്തിൽ വന്ന ഈ മാറ്റമാണ് പിന്നീട് 2019-ലെ ബാലാക്കോട്ട് വ്യോമാക്രമണത്തിനും 2025-ലെ ഓപ്പറേഷൻ സിന്ദൂറിനും വഴിയൊരുക്കിയത്.

&&&&&&&&&&&&&&&&&&&&&&&&

## SURGICAL STRIKE – MKB (INTRO)

ഭീകരവാദത്തിനെതിരെ സന്ധിയില്ലാ നയമാണ് ഇന്ത്യക്കെന്നും ബാലാക്കോട്ട് വ്യോമാക്രമണം മുതൽ 'ഓപ്പറേഷൻ സിന്ദൂർ' വരെ ഇതിനുള്ള തെളിവാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 138-ാം പതിപ്പിലൂടെ ജനങ്ങളെ അഭിസംബോധന

ചെയ്യവെയാണ് അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടത് .
**(ഹോൾഡ് വോയിസ്)**

&&&&&&&&&&&&&&&&&&&&&&&&&

## RAJNATH SINGH

ആഗോള സ്ഥിരതയാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്നും എന്നാൽ രാജ്യത്തിന്റെ തന്ത്രപ്രധാനമായ പരമാധികാരം അടിയറവ് വെച്ചുകൊണ്ടുള്ള ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്നും രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പ്രസ്താവിച്ചു. ന്യൂഡൽഹിയിൽ പ്രതിരോധ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

മറ്റൊരു രാജ്യത്തിന്റെയും ഭൂപ്രദേശം കൈയേറാൻ ഇന്ത്യ ആഗ്രഹിക്കുന്നില്ലെന്ന് വ്യക്തമാക്കിയ അദ്ദേഹം, രാജ്യസുരക്ഷയ്ക്കോ തന്ത്രപ്രധാന പരമാധികാരത്തിനോ ഭീഷണിയുണ്ടായാൽ അത് സംരക്ഷിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&&&&&&&&

## PORTAL LAUNCH-RAJIV RANJAN

കന്നുകാലി ഇൻഷുറൻസ് സേവനങ്ങൾ ഡിജിറ്റലാക്കുന്ന 'ലൈവ്സ്റ്റോക്ക് ഇൻഷുറൻസ് പോർട്ടൽ' കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ഇൻഷുറൻസ് പോളിസി വിതരണം, ക്ലെയിം പ്രോസസിംഗ്, നിരീക്ഷണം എന്നിവ ഏകോപിപ്പിക്കുന്ന ഏകീകൃത പ്ലാറ്റ്ഫോമാണിത്. കർഷകർക്ക് എളുപ്പത്തിൽ ഉപയോഗിക്കാനായി ഹിന്ദി, ഇംഗ്ലീഷ് എന്നിവയ്ക്ക് പുറമെ 11 പ്രാദേശിക ഭാഷകളിലും ഈ പോർട്ടൽ ലഭ്യമാകും.

&&&&&&&&&&&&&&&&&&&&&&&&&

## BANK STRIKE-DEFERRED

ഇന്ന് മുതൽ നടത്താനിരുന്ന മൂന്ന് ദിവസത്തെ രാജ്യവ്യാപക ബാങ്ക് പണിമുടക്ക് മാറ്റിവെച്ചതായി ഓൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ അറിയിച്ചു. ബാങ്ക് ജീവനക്കാരുടെ വിവിധ സംഘടനകളുടെ കൂട്ടായ്മയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും തമ്മിൽ

ഇന്നലെ രാത്രി വൈകി നടത്തിയ നിർണ്ണായക ചർച്ചയിലാണ് സമരം മാറ്റിവെക്കാൻ ധാരണയായത്. പണിമുടക്ക് മാറ്റിയതിനാൽ രാജ്യത്തെ ബാങ്കിംഗ് സേവനങ്ങൾ തടസ്സമില്ലാതെ സാധാരണ നിലയിൽ പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&&&&&&&

## BY -ELECTION KERALA

കേരളത്തിലെ 38 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് ആരംഭിച്ചു. 38 വാർഡുകളിലേക്കായുള്ള ഇന്നത്തെ ഉപതിരഞ്ഞെടുപ്പിൽ ആകെ 126 സ്ഥാനാർത്ഥികളാണ് ഉള്ളത്. ഓഗസ്റ്റ് 18-ന് പ്രസിദ്ധീകരിച്ച പുതുക്കിയ വോട്ടർപട്ടികയിൽ പേരുള്ളവർക്കായിരിക്കും ഇന്നത്തെ തിരഞ്ഞെടുപ്പിൽ വോട്ടവകാശം. രാവിലെ 7 മണിയ്ക്ക് ആരംഭിച്ച വോട്ടെടുപ്പ് വൈകിട്ട് 6 മണിയ്ക്ക് അവസാനിക്കും . വോട്ടെണ്ണൽ നാളെ രാവിലെ 10 മണിക്ക് ആരംഭിക്കും.

&&&&&&&&&&&&&&&&&&&&&&&&

## SEVA SANKALP NEP

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. കേന്ദ്ര സർക്കാരിൻറെ ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ചാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. രാജ്യത്തെ വിദ്യാഭ്യാസ സംവിധാനത്തിൽ ബൃഹത്തായ മാറ്റങ്ങൾ ലക്ഷ്യമിട്ടാണ് 2020 ൽ ദേശീയ വിദ്യാഭ്യാസ നയം കൊണ്ടുവന്നത്. പഠന വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ കൂടുതൽ വിപുലമായ അവസരങ്ങൾ ഇത് വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നു. നൈപുണ്യ വികസനം, ഗവേഷണം എന്നിവയ്ക്കും നയം പ്രോത്സാഹനം പകരുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ഭാവിയിലെ തൊഴിൽസാ ധ്യതകൾക്ക് അനുസൃതമായി വിദ്യാർത്ഥികളെ പ്രാപ്തരാക്കൽ, ഇന്ത്യൻ ഭാഷകളുടെ പഠനത്തിന് പ്രത്യേക പ്രാധാന്യം എന്നിവയും ദേശീയ വിദ്യാഭ്യാസ നയം ഉറപ്പുവരുത്തുന്നു.

&&&&&&&&&&&&&&&&&&&&&&&&

## CRICKET

ക്രിക്കറ്റിൽ ഇന്നലെ കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന ഇന്ത്യ - വെസ്റ്റിൻഡീസ് മത്സരത്തിൽ ഇന്ത്യക്ക് വിജയം. വെസ്റ്റിൻഡീസ് ഉയർത്തിയ 296 റൺസിന്റെ വിജയലക്ഷ്യം 50 പന്തുകൾ ബാക്കിനിൽക്കെയാണ് ഇന്ത്യ മറികടന്നത്. സെഞ്ചുറികൾ നേടിയ വിരാട് കോഹ്ലിയും ശുഭ്മാൻ ഗില്ലുമാണ് ഇന്ത്യയുടെ വിജയം അനായാസമാക്കിയത്. നാല് വിക്കറ്റ് വീഴ്ത്തിയ കുൽദീപ് യാദവാണ് പ്ലെയർ ഓഫ് ദി മാച്ച്. 74 പന്തുകളിൽ സെഞ്ചുറി പൂർത്തിയാക്കിയ വിരാട് കോഹ്ലി ഏകദിനത്തിൽ 15,000 റൺസെന്ന ചരിത്രനേട്ടവും സ്വന്തമാക്കി. പരമ്പരയിലെ രണ്ടാം മത്സരം മറ്റെന്നാൾ ഗുവാഹത്തിയിൽ നടക്കും.

&&&&&&&&&&&&&&&&&&&&&&&&

## ASIAN GAMES - CRICKET

ഏഷ്യൻ ഗെയിംസ് പുരുഷ ക്രിക്കറ്റ് രണ്ടാം ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. ജപ്പാനിലെ കൊറോഗി സ്പോർട്സ് പാർക്കിൽ ഇന്ത്യൻ സമയം രാവിലെ 10:30-നാണ് മത്സരം ആരംഭിക്കുന്നത്. നേരിട്ട് ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടിയ ഇന്ത്യ വിജയം തുടരുക എന്ന ലക്ഷ്യത്തോടെയാണ് ഇറങ്ങുന്നത്. ജപ്പാനെ തോൽപ്പിച്ചാണ് അഫ്ഗാനിസ്ഥാൻ ക്വാർട്ടറിലെത്തിയത്.

&&&&&&&&&&&&&&&&&&&&&&&&

## ASIAN GAMES

ജപ്പാൻ ഏഷ്യൻ ഗെയിംസിൽ വീണ്ടും മലയാളിത്തിളക്കം. വനിതകളുടെ ലോങ്ജമ്പിൽ ആൻസി സോജൻ ഇന്ത്യക്കായി വെള്ളി നേടി. സ്ക്വാഷിലും ഇന്ത്യക്ക് ഇരട്ട വെള്ളി മെഡൽ ലഭിച്ചു. നിലവിൽ നാല് സ്വർണ്ണവും 16 വെള്ളിയും 17 വെങ്കലവുമടക്കം 37 മെഡലുമായി ഇന്ത്യ പന്ത്രണ്ടാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&&&&&&&&

## SHIVRAJ- RABI CAMPAIGN (INTRO)

വരുന്ന റാബി സീസണിന്റെ ഒരുക്കങ്ങളും പ്രധാന മുൻഗണനകളും ചർച്ച ചെയ്യുന്നതിനായി കേന്ദ്ര കാർഷിക-കർഷക ക്ഷേമ വകുപ്പ്

സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ 'ദേശീയ റാബി കാർഷിക സമ്മേളനം 2026' കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളിലേക്ക് ...... (വോയ്സ്)**

## SHIVRAJ- RABI CAMPAIGN (VOICE)

കാർഷിക ഉൽപ്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്താനുള്ള ഫലപ്രദമായ കർമ്മപദ്ധതി രൂപീകരിക്കുകയാണ് ദേശീയ റാബി കാർഷിക സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. ആത്മനിർഭരതയും ഉൽപ്പാദന വളർച്ചയും, സുസ്ഥിര-കാലാവസ്ഥാ പ്രതിരോധ കൃഷി, ഡിജിറ്റൽ അഗ്രികൾച്ചറും സാമ്പത്തിക സഹായങ്ങളും എന്നിവ ഉൾപ്പെടെ മൂന്ന് പ്രധാന മേഖലകളെ കേന്ദ്രീകരിച്ച് സമ്മേളനത്തിൽ ചർച്ചകൾ നടക്കും. തുടർന്ന് ചർച്ചകളിലെ ആശയങ്ങൾ കേന്ദ്രീകരിച്ച് വിലയിരുത്തലുകൾ നടക്കും. കൂടാതെ, സംസ്ഥാന കാർഷിക മന്ത്രിമാർക്ക് തങ്ങളുടെ സംസ്ഥാനത്തിന്റെ മുൻഗണനകളും നിർദ്ദേശങ്ങളും പങ്കുവെക്കാനും സമ്മേളനം അവസരമൊരുക്കും. ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&&&&&&&&

## IMD KERALAM

കേരളത്തിൽ നാളെ മുതൽ മൂന്ന് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളം - മാഹി - ലക്ഷദ്വീപ് - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്നും കള്ളക്കടൽ ജാഗ്രത നിർദേശവുമായി ബന്ധപ്പെട്ട് ചുവപ്പു ജാഗ്രത നിലനിൽക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&

## KSRTC

മഹാനവമി, വിജയദശമി, ദീപാവലി ആഘോഷങ്ങളുടെ ഭാഗമായുള്ള യാത്രാത്തിരക്ക് പരിഗണിച്ച് KSRTC പ്രത്യേക അന്തർ സംസ്ഥാന

സർവീസുകൾ പ്രഖ്യാപിച്ചു. അടുത്ത മാസം 14 മുതൽ നവംബർ 14 വരെ ബെംഗളൂരു, മൈസൂരു, ചെന്നൈ എന്നീ നഗരങ്ങളിൽ നിന്ന് കേരളത്തിലേക്കും തിരിച്ചും അധിക സർവീസ് നടത്തും.

&&&&&&&&&&&&&&&&&&&&&&&&&

## SWATCHTHA HI SEVA

സ്വച്ഛത ഹി സേവ 2026 ന്റെ ഭാഗമായി കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻ്റ് എഞ്ചിനീയറിംഗ് ട്രെയിനിംഗ് , ഫോർട്ട് കൊച്ചിയിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. കൊച്ചി നഗരസഭ ഫോർട്ട് കൊച്ചി ഡിവിഷൻ, കൌൺസിലർ ശ്രീമതി ഷൈനി മാത്യു, ശുചിത്വ യജ്ഞം ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&&&&

## BHAGAT SINGH ANNIVERSARY

മഹാനായ വിപ്ലവകാരി ഭഗത് സിംഗിന്റെ 119-ാാം ജന്മവാർഷികം രാജ്യം ഇന്ന് ആചരിക്കുന്നു. വിപ്ലവ കുടുംബത്തിൽ ജനിച്ച ഭഗത് സിംഗ്, രാജ് ഗുരുവിനും സുഖ്ദേവിനുമൊപ്പം മാതൃരാജ്യത്തിനായി ജീവൻ ബലിനൽകുകയായിരുന്നു. ജന്മവാർഷികത്തോടനുബന്ധിച്ച് ലുധിയാന അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ സാംസ്കാരിക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&

## ANTI RABIES DAY 2026

ഇന്ന് ലോക പേവിഷ ബാധ പ്രതിരോധ ദിനം. പേവിഷബാധ തടയുന്നതിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും, ഭയാനകമായ ഈ രോഗത്തെ നിർമാർജനം ചെയ്യുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ വർഷവും സെപ്റ്റംബർ 28 ലോക പേവിഷ ബാധ പ്രതിരോധ ദിനമായി ആചരിക്കുന്നു. "ഒന്നിച്ച് കൂടുതൽ കരുത്തോടെ" എന്നതാണ് ഈ വർഷത്തെ പ്രമേയം. ആദ്യമായി പേവിഷബാധ പ്രതിരോധ വാക്സിൻ വികസിപ്പിച്ച ഫ്രഞ്ച് രസതന്ത്രജ്ഞനും മൈക്രോബയോളജിസ്റ്റുമായ ലൂയി പാസ്റ്ററുടെ ചരമവാർഷികമാണ് സെപ്റ്റംബർ 28.

&&&&&&&&&&&&&&&&&&&&&&&&&

## SERBIAN PRESIDENT

കാലാവധി പൂർത്തിയാകാൻ ഏഴ് മാസം ബാക്കിനിൽക്കെ സെർബിയൻ പ്രസിഡൻറ് അലക്സാണ്ടർ വുചിച്ച് രാജി പ്രഖ്യാപിച്ചു. ഒക്ടോബർ 25-ന് നടക്കുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിനു വഴിയൊരുക്കിയാണ് നടപടി. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവിൻറെ അടുത്ത രാഷ്ട്രീയാനുഭാവിയാണ് വുചിച്ച്. ഭരണഘടന അനുസരിച്ച് പുതിയ പ്രസിഡൻറിനെ തിരഞ്ഞെടുക്കുന്നതുവരെ പാർലമെൻറ് സ്പീക്കർ അന ബ്രനാബിച്ച് ഇടക്കാല പ്രസിഡൻറായി ചുമതലയേൽക്കും.

&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&